**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4469** **18-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ടല സർവീസ് സഹകരണ ബാങ്കിലെ സ്ഥിര നിക്ഷേപങ്ങൾ തിരികെ നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കണ്ടല സർവീസ് സഹകരണ ബാങ്കിലെ സ്ഥിര നിക്ഷേപങ്ങൾ തിരികെ നൽകണമെന്നത് സംബന്ധിച്ച ബഹു. ഹൈക്കോടതിയുടെ 11.9.24 ലെ ഡബ്ല്യു.പി.(സി) 8706/2020 നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നിക്ഷേപം തിരികെ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് വിവിധ സഹകരണ സംഘങ്ങൾക്കെതിരെ നിരവധി നിക്ഷേപകർ സമർപ്പിച്ചിട്ടുള്ള റിട്ട് പെറ്റീഷനുകളിൻമേൽ 11-09-2024 ൽ ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>Co-operative Revival Fund Scheme, ഡെപ്പോസിറ്റ് ഗ്യാരന്റ് ഫണ്ട് സ്കീം എന്നിവയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സഹിതമുള്ള അപേക്ഷ, 6 ആഴ്ചക്കുള്ളിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കുന്നതിനും, സംഘം സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയോട് കൂടി 4 ആഴ്ചക്കുള്ളിൽ സംസ്ഥാന തല കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനും സംസ്ഥാനതല കമ്മിറ്റി ടി അപേക്ഷകൾ പരിശോധിച്ച് വ്യവസ്ഥകൾക്ക് വിധേയമായി തുക അനുവദിക്കുന്നതിനും, Kerala Co-operative Deposit Guarantee Scheme ൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ 6 ആഴ്ചക്കുള്ളിൽ സമർപ്പിക്കുന്നതിനും, സംഘം ഭരണസമിതി/ അഡ്മിനിസ്ട്രേറ്റർമാർ സംഘത്തിന് ലഭിക്കേണ്ട തുക കേരള സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഈടാക്കി എടുക്കുന്നതിനും, ഇപ്രകാരം ഈടാക്കി എടുക്കുന്ന തുക നിക്ഷേപകർക്ക് മുൻഗണന ക്രമത്തിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദേശം നൽകി കൊണ്ടാണ് വിധി ന്യായം പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥിരനിക്ഷേപങ്ങൾ തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഹൈ കോടതി വിധിയുടെ അടിസ്ഥാനത്തിൽ Co-operative Revival Fund Scheme, ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് സ്കീം എന്നിവയിൽ നിന്നും വായ്പ അനുവദിക്കുന്നതിനുള്ള അപേക്ഷ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ വായ്പ, എം.ഡി.എസ് ഇനത്തിൽ തിരിച്ചടവ് വന്ന തുകകളിൽ 1,40,98,280/- രൂപ പണമായും, നിക്ഷേപകരുടേയും വായ്പാക്കാരുടേയും സംയുക്ത അപേക്ഷകളുടെ അടിസ്ഥാനത്തിൽ നിക്ഷേപ വായ്പാ കണക്കുകൾ തട്ടിക്കിഴിച്ചതിലൂടെ 9,06,02,645/- രൂപയും 11/09/2024 മുതൽ 10/03/2025 വരെയുള്ള കാലയളവിൽ നിക്ഷേപകർക്ക് തിരികെ നൽകിയിട്ടുണ്ട്. |
| (സി) | ബഹു. ഹൈക്കോടതിയുടെ ഉത്തരവുണ്ടായിട്ടും തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; അടിയന്തര തുടർനടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം പ്രകാരവും, ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് സ്കീം പ്രകാരവും തുക അനുവദിക്കുന്നതിനുള്ള അപേക്ഷ മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ